മർദ്ദനത്തെസംബന്ധിച്ചു വേണമെങ്കിൽ രേഖാമൂലം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താം. ഗവൺമെൻറ് പ്രഖ്യാപിച്ച നയം നടപ്പിലാക്കാതെ അതിനെ പരാജയപ്പെടുത്താൻ മുതലാളിമാർ ശ്രമിക്കുമ്പോഴും ആ നടപടിക്കു സഹായകമായ നിയലിൽ പോലീസിനെ അയയ്ക്കുകയില്ലന്ന് പ്രഖ്യാപനം നടത്താൻ തയ്യാറാകുമോ?

ശ്രീ. പി. രവീന്ദ്രൻ: പോലീസിനെ അയയ്ക്കുകയില്ലന്ന പ്രഖ്യാപനം നടത്തേണ്ട ആവശ്യമില്ല. അക്രമം ഉണ്ടാകാതിരിക്കുന്ന സാഹചര്യത്തിൽ പോലീസ് യാതൊരു കാരണവശാലും ഇടപെടുകയില്ല. തൊണ്ട് പൂഴ്ത്തിവയ്ക്കുന്ന ആളുകളുടെ കാര്യത്തിൽ നടപടിയെടുക്കാൻ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥനെ സഹായിക്കാൻ ഇംപ്ലിമെൻേറഷൻ കമ്മിറ്റി എല്ലാ പ്രദേശങ്ങളിലും ഉണ്ടാക്കാൻ ഗവൺമെൻറ് ഉദ്ദേശിച്ചിട്ടുണ്ട്. അതിനുള്ള നടപടി നടത്താൻ ഡിപ്പാർട്ടുമെൻറിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

അദ്ധ്യാപകരില്ലാത്തതുമൂലം അടച്ചിട്ടിരിക്കുന്ന സ്ക്കൂളുകൾ

* 88 [326] ശ്രീ. ഈ ബാലാനന്ദൻ
,, മുസ്തഫാ കെമാൽ
,, പാലൊളി മുഹമ്മദുകുട്ടി
,, ടി. കെ. രാമകൃഷ്ണൻ
,, എസ്. ദാമോദരൻ
,, എൻ. വാസുദേവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും സ്ക്കൂളുകൾ അദ്ധ്യാപകരില്ലാത്തതുമൂലം അടച്ചിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം;

(സി) നെടുമങ്ങാട് കടുത്തുകാൽ എൽ. പി. എസ്. അദ്ധ്യാപകരില്ലാത്തതുമൂലം അടച്ചിടേണ്ടിവന്നു എന്നറിയുന്നത് ശരിയാണോ;

(ഡി) ആണെങ്കിൽ കാരണമെന്ത്?

വിദ്യാഭ്യാസവും ആഭ്യന്തരവും മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ)

(എ) ഇല്ല.

(ബി) ചോദ്യമുദിക്കുന്നില്ല.

(സി) അല്ല. എന്നാൽ നെടുമങ്ങാട് എൽ. പി. സ്ക്കൂളിൽ വേണ്ടത്ര അദ്ധ്യാപകരില്ലെന്ന പരാതിയുണ്ടാകുകയും അതെതുടർന്ന് ഈ ഒഴിവുകൾ നികത്തുന്നതിനുവേണ്ടി ആറിങ്ങൽ ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ ആഫീസർക്ക് നിർദ്ദേശം കൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ചോദ്യമുദിക്കുന്നില്ല.

ശ്രീ. മുസ്തഫാകെമാൽ: പല സ്ക്കൂളുകളിലും അദ്ധ്യപകൻമാരുടെ ദൗർലഭ്യംമൂലം അടച്ചിടേണ്ടിവന്നിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇപ്പോൾ പാർട്ടു ടൈമായി ജോലിനോക്കുന്നവരെ ഫുൾടൈമാക്കി നിയമിക്കുകയാണെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതുപോലുള്ള പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയുമെന്നുള്ളതുകൊണ്ട് അതി നുള്ള നടപടികളും എടുക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പാർട്ടി ടൈം ഫുൾടൈമാക്കുക യെന്നുള്ളത് വേറെ ഒരു പ്രശ്നമാണ്. അതിനെസംബന്ധിച്ച് ആലോചിച്ചു കൊണ്ടിരിക്കുന്നുണ്ട്. അതല്ലാതെതന്നെ അദ്ധ്യാപകൻമാരുടെ ദൗർലഭ്യം ഇല്ലാതാക്കാനും, അദ്ധ്യാപകൻമാരുടെ ദൗർലഭ്യത്തെക്കുറിച്ചുള്ള പരാതികളും ഇല്ലാ താക്കാനും ഗവൺമെൻറു നടപടിയെടുക്കുന്നതാണ്. അടച്ചിട്ടിരിക്കുന്നു എന്നുള്ള സംഗതി ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടില്ല. എന്നാൽ അടച്ചിട്ടു ണ്ടെന്നു് ഗവൺമെൻറിൻെറശ്രദ്ധയിൽപ്പെടുത്തിയാൽ അങ്ങനെ വരാനുണ്ടായ സാഹചര്യത്തെപ്പറ്റി അന്വേഷിക്കുന്നതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ചില ഡിവിഷനുകളിൽ അദ്ധ്യാപകൻ മാരില്ലാത്ത സ്ക്കൂളുകളും നിലവിലിരിക്കുകയും അതേസമയം പി. എസ്. സി. സെലക്ടുചെയ്തവരുടെ ലിസ്റ്റിൽനിന്നും നിയമിക്കപ്പെടാതിരി ക്കുകയും ചെയ്യുന്നു എന്നുള്ള വൈരുദ്ധ്യം ഇല്ലേ, അതുകൊണ്ട് ആ ലിസ്റ്റിൽനിന്നും ആളുകളെ നിയമിക്കാൻ ആവശ്യമായ നടപടികളും സ്വീകരി ക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഏതെങ്കിലും ഒരു പ്രത്യേക സ്ക്കൂ ളിൽ അധ്യാപകൻമാരെ നിയമിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് ചൂണ്ടി ക്കാണിക്കാതെ മനസ്സിലാക്കാൻ സാധ്യമല്ല. ഈ കാര്യത്തിൽ യാതൊരു വീഴ്ചയും വരുത്താതെ, താമസവും വരുത്താതെ പി. എസ്. സി. സെലക്ടു ചെയ്ത അദ്ധ്യാപകരുടെ ലിസ്റ്റിൽനിന്നും ആളുകളെ നിയമിക്കാൻ ഗവൺ മെൻറ് ഏർപ്പാടുചെയ്തിട്ടുണ്ട്. പക്ഷേ ഒന്നരലക്ഷം അദ്ധ്യാപകൻമാരുടെ ഡിപ്പാർട്ടുമെൻറിൽ എവിടെയെങ്കിലും ഏതെങ്കിലും ചില സന്ദർഭങ്ങളിൽ ചില അദ്ധ്യാപകൻമാരെ നിയമിക്കുന്നതിൽ കാലതാമസമോ വീഴ്ചയോ വന്നി ട്ടുണ്ടെന്നുള്ളകാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുമ്പോൾ ഗവൺമെൻറു നടപടി സ്വീകരിക്കാറുണ്ട്. ചിലപ്പോൾ അദ്ധ്യാപകൻമാരെ നിയമിക്കുമ്പോൾ അവർ ലീവിനുപോയെന്നുവരും. അങ്ങനെ ചില ഘട്ടങ്ങളിൽ ഉണ്ടാകാറുണ്ട്. ഇതിനെപ്പറ്റി ആലോചിക്കുന്നതാണ്.

ശ്രീ. പി. പി. ജോർജ്: നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് 18000 ത്തോളം ടി. ടി. സി. പാസ്സായവർ തൊഴിലില്ലാതെ നടക്കുന്ന ഈ സാഹചര്യ ത്തിൽതന്നെ എൽ.പി. സ്ക്കൂളുകളിൽ വേണ്ടത്ര അദ്ധ്യാപകരില്ലാതെവരുന്നുണ്ട് എന്നുള്ളതിനെപരിഗണിച്ച് ആ പോരായ്മ പരിഹരിക്കാൻ നിയമനങ്ങളിൽ കാലതാമസംവരുത്താതിരിക്കാൻ ഗവൺമെൻറു പ്രത്യേകംനടപടിയെടുക്കാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: 18000 ത്തോളം ടി. ടി. സി. പാസ്സായിട്ടുള്ള അദ്ധ്യാപകൻമാരുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. അദ്ധ്യാപകൻമാരെ പി. എസ്. സി. സെലക്ടുചെയ്തുകൊണ്ടിരിക്കുന്നുണ്ട്, അവരുടെ ലിസ്റ്റുമുണ്ട്. ഏതെങ്കിലും വിദ്യാലയത്തിൽ എന്തുകാരണംകൊ ണ്ടാണ് അദ്ധ്യാപകൻമാരില്ലാതെ വന്നത് എന്നുള്ളതിനെസംബന്ധിച്ച് അന്വേ ഷിച്ചതിനുശേഷമേ എന്തെങ്കിലും പറയാൻ പറ്റുകയുള്ളൂ. ചിലപ്പോൾ മല ബാർ ഭാഗത്തേയ്ക്ക് ഈ ഭാഗത്തുനിന്നും ആളുകളെ നിയമിക്കുമ്പോൾ അവർ ചാർജെടുക്കാതെവരും. ചില ആളുകൾ ലീവിൽപോകും. അങ്ങനെവരു മ്പോൾ ഏതുകാരണത്താലാണ് അദ്ധ്യാപകൻമാരില്ലാതെവരുന്നത്, എന്തുകാരണ ത്താലാണ് കാലതാമസമുണ്ടാകുന്നത്. എന്നു മനസ്സിലാക്കിയതിനുശേ ഷമേ നടപടിയെടുക്കാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: ലീവു റിസർവ്വു അദ്ധ്യാപകൻമാരുടെ സ്ഥാനത്തുനിയമിക്കുന്നതിനുവേണ്ടി പബ്ലിക്സർവ്വീസ് കമ്മീഷൻ സെലക്ടുചെയ്ത നൂറുക്കണക്കിന് അധ്യാപകൻമാരുടെ ലിസ്റ്റു എല്ലാ ഡി. ഇ. ഒ. മാർക്കും ലഭിച്ചിട്ടുണ്ട്. ഇവർക്ക് നിയമനം നൽകാത്തതുകൊണ്ട് പല അദ്ധ്യാപകൻമാരുടെയും പോസ്റ്റുകൾ ഒഴിഞ്ഞുകിടക്കുകയും ചില സ്ക്കൂളുകളിൽ എംപ്ലോയ്മെൻറു എക്സ്ചേഞ്ചിൽനിന്നും ആളുകളെ വിളിച്ചു നിയമിക്കുകയും ചെയ്യുന്ന രീതിമാറ്റി പബ്ലിക്സർവ്വീസ് കമ്മീഷൻ സെലക്ടുചെയ്ത ആളുകളെ നിയമിക്കാൻ വേണ്ട ഏർപ്പാടുചെയ്യുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പബ്ലിക് സർവ്വീസ് കമ്മീഷൻ ലിസ്റ്റിന് രണ്ടു ഘട്ടങ്ങളുണ്ട്. ഒന്ന്, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ലിസ്റ്റിലേയ്ക്ക് ആളുകളെ സെലക്ടുചെയ്യുക. രണ്ട്, സാമുദായിക പ്രാതിനിധ്യത്തിന്റെയും മറ്റും അടിസ്ഥാനത്തിൽ അഡ്വൈസ് ചെയ്യുക. ഈ ഏർപ്പാടുകൾകൊണ്ടും കാലതാമസംവരാം. ചില അദ്ധ്യാപകൻമാരെ സംബന്ധിച്ച് അവരുടെ സ്വഭാവത്തെസംബന്ധിച്ചും മറ്റും ഉള്ള അന്വേഷണം പൂർത്തിയാകാതെവരുമ്പോഴും കാലതാമസംവരും. അതുകൊണ്ട് ഏതെങ്കിലും ഒരു പ്രത്യേക സാഹചര്യത്തിൽ കാലതാമസം വന്നു എന്നു ചൂണ്ടിക്കാണിച്ചാൽ അല്ലാതെ പൊതുവായി എല്ലാസമയത്തും എല്ലാ സ്ക്കൂളുകളിലും കാലതാമസമുണ്ടാകുന്നു എന്ന വാദം ഗവൺമെൻറ് അംഗീകരിക്കുന്നില്ല. ഏതെങ്കിലും സംഭവം ചൂണ്ടിക്കാണിച്ചാൽ ഗവൺമെൻറ് അതിന്റെ കാരണത്തെക്കുറിച്ച് അന്വേഷിക്കാം. അങ്ങനെ കാരണത്തെക്കുറിച്ച് അന്വേഷിക്കുന്ന കൂട്ടത്തിൽ പൊതുവായ വല്ല വീഴ്ചയോ പ്രകമക്കേടുകളോ ഉണ്ടായതായി തെളിഞ്ഞാൽ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. എസ്. ദാമോദരൻ: എന്തുകാരണവശാലാണെങ്കിലും അധ്യാപകൻമാരുടെ അഭാവംകൊണ്ട് സ്ക്കൂളുകൾ അടച്ചിടേണ്ടിവരുന്നുവെന്നുള്ളത് പരിഗണിച്ച് ഒരു കരുതൽ നടപടിയെന്നുള്ളനിലയിൽ എന്തെങ്കിലും ചെയ്യാൻ ഗവൺമെൻറു തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ ചോദ്യത്തിന്റെയെല്ലാം അർത്ഥം അദ്ധ്യാപകൻമാരുടെ അഭാവംകൊണ്ട് സ്ക്കൂളുകൾ അടച്ചുപൂട്ടി ഇട്ടിരിക്കുന്നു എന്നുള്ളതാണ്. അങ്ങനെ അടച്ചിട്ടിട്ടില്ലെന്നുള്ളതാണ് ഗവൺമെൻറിന്റെ അറിവ്. ഏതു സ്ക്കൂളാണ് അടച്ചു പൂട്ടി ഇട്ടിട്ടുള്ളതെന്ന് എന്നെ എഴുതി അറിയിച്ചാൽ വളരെ ഗൗരവത്തോടുകൂടിത്തന്നെ അതിനെപ്പറ്റി അന്വേഷിക്കുന്നതാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: പി. എസ്. സി. ലിസ്റ്റു പ്രസിദ്ധീകരിച്ചുകഴിഞ്ഞാലും നിയമനം നടത്താൻ കാലതാമസമുണ്ടാകുമെങ്കിൽ താൽക്കാലികാടിസ്ഥാനത്തിലുള്ള നിയമനങ്ങളെങ്കിലും പി. എസ്. സി. ലിസ്റ്റിൽനിന്നും നടത്താൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെ ചെയ്യാൻ കഴിയുമോയെന്നുള്ളതിനെപ്പറ്റി ആലോചിച്ചതിനുശേഷമേ പറയാൻ പറ്റുകയുള്ളൂ.

ശ്രീ. വി. വി. ദക്ഷിണാമൂർത്തി: ലീവുവേക്കൻസികാരണമായിട്ടാണ് ഒഴിവുവരുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. പ്രൈവറ്റു സ്ക്കൂളുകളിലാണെങ്കിൽ ഒരു മാസത്തിലധികമുള്ള വേക്കൻസികളിൽ ആളുകളെനിയമിക്കുമെന്നും സർക്കാർ സ്ക്കൂളുകളിലാണെങ്കിൽ രണ്ടും മൂന്നും

LIBRARY ARCHIVES Kerala Legislative Assembly

മാസത്തെ വേക്കൻസികളാണെങ്കിലും ആളുകളെ നിയമിക്കുകയില്ലെന്നും ഉള്ള വിവരം ഗവൺമെന്റിന് അറിയാമോ, അറിയാമെങ്കിൽ ഇത്തരം ലീവു വേക്കൻസികളിൽ എംപ്ലോയ്മെന്റു എക്സ്ചേഞ്ചിൽനിന്നെങ്കിലും ആളുകളെ നിയമിക്കാൻ ഡി. ഇ. ഒ. മാർക്ക് നിർദ്ദേശം കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലീവ് വേക്കൻസികളിൽ ആളുകളെ നിയമിക്കുന്നത് പ്രായോഗികമാണോ എന്നുള്ളതിനെപ്പറ്റി അന്വേഷിക്കണം. എത്രകാലത്തേയ്ക്കുള്ള ലീവുവേക്കൻസിയാണ് എന്നുള്ളതിനെപ്പറ്റിയൊക്കെ അന്വേഷിക്കണം. ഷോർട്ടു വേക്കൻസികളിൽ പോകാൻ ചിലർ മടിക്കാറുണ്ട്. അങ്ങനെയുള്ള വിഷമതകൾ കൊണ്ടാണ് പി. എസ്. സി. യുടെ നിയമനത്തിൽ കാലതാമസമുണ്ടാകുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴിയുള്ള നിയമനം എത്രകാലത്തേയ്ക്കാണ്, അത് വിദ്യാലയത്തിന് ഹാനികരമല്ലാതായിരിക്കുമോ എന്നുള്ളതിനെപ്പറ്റിയൊക്കെ അന്വേഷിക്കണം. പിന്നെ സർക്കാർ സ്കൂളുകളിൽ അധ്യാപകൻമാരുടെ ലീവും മറ്റു കാരണങ്ങളും കൊണ്ടാണ് ആളുകൾ ഇല്ലാതെവരുന്നത്. ഏതായാലും ഈ കാര്യത്തെപ്പറ്റിയും പരിശോധിക്കുന്നതാണ്.

தொழிற் கொள்கை

* 89. [327] **ஶ்ரீ. என். கண்பதி**: கீழ் காணும் விஞ்சுகளுக்கு தொழில் மந்திரி அவர்கள் விடை பகர்வார்களாக:

(எ) இவ்வரசாங்கம் பதவி ஏற்ற பிறகு பொதுவாக கையாளப்பட்டு வரும் தொழிற்கொள்கை என்ன என்று கூறப்படுமா;

(பி) இவ்வரசாங்கம் பதவி ஏற்ற பிறகு தொழில் ஸ்தாபனங்களில் எத்தனை வேலை நிறுத்தங்கள் நடைபெற்றன என்றும் என்னென்ன கொள்கைகளைக் கடைப்பிடித்தன என்றும் கூறப்படுமா?

Minister for Industries and Labour (**Shri P. Ravindran**): (a) The labour policy followed by the present Government is the same as that of the previous Government. The basic policy is to promptly intervene in the labour disputes so as to avoid work stoppages, bring about settlement by conciliation and maintain cordial industrial relations.

(b) There were 135 strikes. The officers of the Labour Department intervened in the disputes that led to the strikes to avert serious developments and adopted necessary steps to maintain industrial peace in the State. The disputes were settled wherever possible by conciliation and further steps, viz. references for arbitration, adjudication, etc. were taken in respect of disputes which could not be settled.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ഒരു സബ്മിഷൻ. മേലിലെങ്കിലും തമിഴ് ചോദ്യം തർജ്ജിമചെയ്യുമ്പോൾ മലയാളത്തിൽ തർജ്ജിമചെയ്യാൻ നിർദ്ദേശം കൊടുത്താൽ കൊള്ളാം.

മി. സ്പീക്കർ: അതിനെപ്പറ്റി ഞാൻ ആലോചിക്കാം.

ஶ்ரீ. என். கணபதி: ஸர், இந்தியன் கான்ஸ்டிடியூஷன் பிரகாரம் சமாதானமாக ஆயுதமின்றி கூட்டம் கூடலாம் என்றிருப்பதால் கோரிக்கைக்காக தொழிலாளர்கள் சமாதான முறையில் கராவு செய்வதை இந்த சர்க்கார் அங்கீகரிக்குமா? அல்லது அங்கீகரிக்காமல் இருக்குமா?

ശ്രീ. പി. രവീന്ദ്രൻ: സർ, നിയമപ്രകാരം തൊഴിലാളികൾക്ക് സംഘടിക്കാനും കൂട്ടായി വിലപേശാനും അവകാശമുണ്ട്, ആ അവകാശം

LIBRARY ARCHIVES Kerala Legislative Assembly